LIBRARY ARCHIVES Kerala Legislative Assembly

സൃഷ്ടിക്കുന്നതിനായുള്ള നിർദ്ദേശം സർക്കാറിന്റെ പരിഗണനയിലാണ്. നിലവിൽ 27 സ്റ്റാഫുകളുള്ള പ്രസ്തുത ആശുപത്രിയിൽ 2 ലാബ് ടെക്നീഷ്യൻമാരുടെയും മൂന്ന് ആശുപത്രി അറ്റൻഡർമാരുടേയും ഒരു പ്യൂണിന്റേയും ഒഴിവുകളുമുണ്ട്. 75 കിടക്കകളുള്ള നെടുമ്പന ഗവൺമെന്റ് ആശുപത്രിയിൽ ഐ. പി. സുഗമമായി പ്രവർത്തിക്കുന്നുണ്ട്. അനുവദിക്കപ്പെട്ട സ്റ്റാഫുകളുടെ എണ്ണം 40 ആണ്. ഹെഡ്നേഴ്സ്-1, സ്റ്റാഫ് നേഴ്സ്-2, നേഴ്സിംഗ് അസിസ്റ്റന്റ്-5, ആശുപത്രി അറ്റൻഡർ ഗ്രേഡ് ഒന്ന്-2, ആശുപത്രി അറ്റൻഡർ ഗ്രേഡ് 2-7, എന്നീ ഒഴിവുകൾ നിലവിലുണ്ട്. ഗ്രേഡ് 2, ആശുപത്രി അറ്റന്ററുടെ ആറ് തസ്തികകളിൽക്കൂടി ദിവസക്കൂലിയടിസ്ഥാനത്തിൽ സേവനം ലഭ്യമാകുന്നുണ്ട്. ഇതിൽ എത്രയും പെട്ടെന്ന് നടപടികൾ എടുക്കുന്നതാണ്. പാരിപ്പള്ളി പി.എച്ച്.സി. യിൽ നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗിച്ച് ഐ. പി. വിഭാഗം പ്രവർത്തിക്കുന്നുണ്ട്. അനുവദിക്കപ്പെട്ട 31 സ്റ്റാഫുകളിൽ 2 ആശുപത്രി അറ്റൻഡർമാരുടെ ഒഴിവുണ്ട്. സർ, കലയ്ക്കോട് പി.എച്ച്.സി. യിൽ ഐ. പി. വിഭാഗം പ്രവർത്തിക്കുന്നതിലേക്കായി 15-7-2002-ലെ ഉത്തരവു പ്രകാരം അസിസ്റ്റന്റ് സർജൻ-1, സ്റ്റാഫ്നേഴ്സ്-2, നേഴ്സിംഗ് അസിസ്റ്റന്റ്-1, ആശുപത്രി അറ്റൻഡർ ഗ്രേഡ്-രണ്ട്-1, എന്നീ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഡോക്ടർമാർ ഇല്ലാതിരുന്നതിനാൽ 26-1-2005-മുതൽ മുടങ്ങിക്കിടന്ന ഐ. പി. വിഭാഗം പ്രവർത്തിപ്പിക്കുന്നതിനായി 2-7-2005-ൽ രണ്ട് ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. നിലവിൽ മെഡിക്കൽ ആഫീസർ-1, നഴ്സിംഗ് അസിസ്റ്റന്റ്-1, ആശുപത്രി അറ്റന്റർ 2, ഡ്രൈവർ-1, എന്നീ തസ്തികകൾ ഒഴിവുണ്ട്. റൂറൽ ഏരിയയിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. അവർക്ക് എന്തെങ്കിലും മെച്ചപ്പെട്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നെങ്കിൽ മാത്രമേ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ കഴിയൂ.

(11) കുറ്റ്യാടി ജലസേചന പദ്ധതിയുടെ പണി പൂർത്തിയാക്കാത്തതുമൂലമുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, കോഴിക്കോട് ജില്ലയിൽ മൂന്നു താലൂക്കുകളിലായി മുപ്പത്തിയൊന്നായിരത്തി ഒരുന്നൂറ്റി അറുപത് ഹെക്ടർ കൃഷിസ്ഥലത്ത് ജലസേചനം നടത്തുന്ന പ്രധാന കനാലുകളും ബ്രാഞ്ചു കനാലുകളും വിതരണ കനാലുകളും നീർചാലുകളും ഉൾപ്പെടുന്ന 602.40 കിലോമീറ്റർ വ്യാപിച്ചുകിടക്കുന്ന കനാൽ ശൃംഗലകളിൽ ഏറ്റവും പ്രധാനപ്പെട്ട ജലസേചന പദ്ധതിയാണ് കുറ്റിയാടി ജലസേചന പദ്ധതി. ഈ പദ്ധതിയിൽക്കൂടി വെള്ളം വിതരണം ചെയ്യുന്നത് ശരിയായി നടക്കുന്നില്ല എന്നുള്ള പ്രത്യേക

അവസ്ഥ നിലനിൽക്കുന്നുണ്ട്. കോഴിക്കോട് ജില്ലയിലെ കുടിവെള്ള പ്രശ്നം ഏറ്റവും കൂടുതൽ പരിഹരിക്കപ്പെടുന്ന ഒരു പദ്ധതിയാണ്. പദ്ധതി വലിയ തകർച്ചയെ നേരിടുകയാണ് ഇത് ജനങ്ങളിൽ വലിയ ഉൽക്കണ്ഠ ഉളവാക്കുന്നുണ്ട്. സർ, ഡാം, കനാലുകൾ, കെട്ടിടങ്ങൾ, പൂന്തോട്ടം, എന്നിവയുടെ അറ്റകുറ്റ പണികൾക്ക് ഗവൺമെന്റ് മതിയായ തുക അനുവദിക്കുന്നില്ല. കനാലിന്റെ മെയിന്റനൻസ് ജോലി കൃത്യമായി നടത്തുന്നു എന്ന് ഉറപ്പുവരുത്തണം. കനാലിന്റെ പാർശ്വഭിത്തികൾ പലയിടത്തും തകർന്നിരിക്കുന്നു. അപകടകരമായ സാഹചര്യത്തിൽ താമസിക്കുന്ന കുടുംബങ്ങൾ ഏതെന്ന് കണ്ടെത്തി മാറ്റി താമസിപ്പിക്കുന്നതിനുള്ള നടപടിയുണ്ടാകണം. കനാലിന്റെ ചോർച്ച തടഞ്ഞ് വെള്ളം പാഴായിപ്പോകുന്നത് തടയണം. അന്യാധീനപ്പെട്ട കനാൽ ഭൂമി വീണ്ടെടുക്കണം. റിസർവോയറിൽ വെള്ളം കാരണം ഒറ്റപ്പെട്ടുപോകുന്ന മുതുകാട് പ്രദേശത്തെ 12 കുടുംബങ്ങളെ മാറ്റിപാർപ്പിക്കണം. കൃഷിക്കാരുടെ സ്ഥലത്ത് വെള്ളം കയറുന്നതുകൊണ്ട് കൃഷി നശിക്കാൻ ഇടവരുന്നു. അവർക്ക് പകരം ഭൂമിയോ, നഷ്ടപരിഹാരമോ നൽകണം. സർ, ഈ റിസർവോയറിന്റെ സംരക്ഷണത്തെ ബാധിക്കുന്ന നിലയിൽ വലിയ തോതിൽ മണൽവാരൽ നടക്കുകയാണ്. കക്കയം, കൂരാച്ചുണ്ട് പഞ്ചായത്തിലെ കക്കയം കരിയാമ്പാറ മേഖലകളിൽ മണൽതുരുത്ത് ഇടിച്ച് കുഴിച്ച് എടുത്തുകൊണ്ടുപോകുന്ന അവസ്ഥയുണ്ടായി. മണൽവാരൽ നിയമാനുസൃത മായിരിക്കണം. നിയമവിരുദ്ധമായ മണൽവാരൽ തടയുന്നതിനും അത്തരത്തിൽ മണൽവാരിയവർക്ക് എതിരായി നടപടി സ്വീകരിക്കുന്നതിനും നടപടിയുണ്ടാകണം. ഇങ്ങനെ വളരെ ഗൗരവതരമായ പ്രശ്നങ്ങൾ നിൽക്കുന്ന സമയത്ത് ഇറിഗേഷൻ ഓഫീസ് അവിടെനിന്ന് മാറ്റുന്നതിനുവേണ്ടിയുള്ള നീക്കം ഗവൺമെന്റ് നടത്തുകയാണ്. ആ ഓഫീസ് അവിടെത്തന്നെ നിലനിർത്തണം. ഇറിഗേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ ശ്രദ്ധിക്കുന്നതിന് മതിയായ സ്റ്റാഫ് ഇപ്പോഴില്ല. ഇപ്പോൾ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് ആവശ്യമായ സ്റ്റാഫിനെ നിയമിച്ച് ഇറിഗേഷന്റെ പ്രവർത്തനങ്ങൾ ഫലപ്രദമായിട്ട് നടത്തുന്നതിനുള്ള ക്രമീകരണം ഉണ്ടാക്കണം. ഇറിഗേഷന്റെ ഉടമസ്ഥതയിലുള്ള റോഡുകൾ ഉണ്ട്. ആ റോഡുകളെല്ലാം പൊട്ടി തകർന്നിരിക്കുകയാണ്. ആ റോഡുകൾ പുനർനിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ ഉണ്ടാകണം. കനാലിന്റെ ഭാഗത്തുചേർന്നുള്ള ചില റോഡുകളുണ്ട്. ഗ്രാമീണ മേഖലയിലെ ആളുകൾ ആശ്രയിക്കുന്ന റോഡുകളാണ്. അത്തരം റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:)*: സർ, ശ്രീ. രാമകൃഷ്ണൻ പറഞ്ഞ കാര്യത്തെ സംബന്ധിച്ച് ഞങ്ങൾ 18-7-2005-ൽ ഇവിടെ ഒരു ചർച്ച നടത്തിയിരുന്നു. ഉദ്യോഗസ്ഥന്മാർ ഉണ്ടായിരുന്നു. ബഹുമാനപ്പെട്ട അംഗം ശ്രീ. രാമകൃഷ്ണൻ ഉണ്ടായിരുന്നു അതിൽ ഏകദേശം ചില കാര്യങ്ങളെക്കുറിച്ചുള്ള ധാരണ ഞങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. കനാലിന്റെ മെയിന്റനൻസാണ് അതിലേറെ പ്രധാനപ്പെട്ട ഭാഗം. 540 കിലോമീറ്ററോളം വരുന്ന കനാലിന്റെ മെയിന്റനൻസ് നടത്തുന്നതിനുവേണ്ടിയുള്ള പണം വളരെ തുച്ഛമാണ്. എങ്കിൽപോലും അത്യാവശ്യം ചെയ്യേണ്ട എല്ലാ വർക്കുകളും ചെയ്യുന്നതിനുവേണ്ടി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ ചുമതലപ്പെടുത്തുകയും അതിന്റെ ഒരു പ്രൊപ്പോസൽ നൽകാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കനാലിന്റെ മെയിന്റനൻസ് നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ എടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അദ്ദേഹം ഇവിടെ സൂചിപ്പിച്ച മണൽവാരൽ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം ആഗസ്റ്റ് 31-ാം തീയതിവരെയാണ് മണൽ വാരുന്നതിന് ടെൻഡർ കൊടുത്തിട്ടുള്ളത്. ആഗസ്റ്റ് 31-ാം തീയതിവരെയുള്ള ടെൻഡറിന് മുൻപായി ഇന്റർഫിയർ ചെയ്ത് ഒരു നിയമപ്രശ്നമാക്കാൻ കഴിയാത്തതുകൊണ്ട് അതിനുശേഷമുള്ള അതിന്റെ എക്സ്റ്റെൻഷൻ എല്ലാ കാര്യങ്ങളും ആലോചിച്ചശേഷമേ ചെയ്യാവൂ എന്ന് പറഞ്ഞിട്ടുണ്ട്. അതിനെ സംബന്ധിച്ച് ചില ദൃശ്യമാധ്യമങ്ങളിൽ ഞാൻ ചില ക്ലിപ്പിംഗ്സ് കാണുകയുണ്ടായി. അവിടെ അനധികൃതമായി മണൽവാരൽ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് അതിന്റെ നിബന്ധനകൾ എന്തെങ്കിലും ലംഘിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് ഉദ്യോഗസ്ഥൻമാരോട് പറഞ്ഞിട്ടുണ്ട്. നിബന്ധനകൾ ലംഘിച്ചാണ് അത് പോകുന്നതെങ്കിൽ നടപടി എടുക്കുന്നതിനു വേണ്ടിയുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. അതോടൊപ്പം ഇനി തുടർന്നുള്ള മണൽവാരൽ നടത്തുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മെമ്പറടക്കം അവിടത്തെ ആളുകളുമായിട്ട് ആലോചിച്ച് തീർത്തും സുതാര്യമായ രൂപത്തിൽ കൊണ്ടുപോകുന്നതിനുള്ള നടപടികളാണ് ഞങ്ങൾ 18-ാം തീയതിയിൽ നടന്ന ചർച്ചയിൽ ഉണ്ടാക്കിയിട്ടുള്ള ഏകദേശധാരണ. അതോടൊപ്പം മുതുകാടുള്ള 12 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള തീരുമാനം ഗവൺമെന്റ് എടുത്തിട്ടുണ്ട്. കളക്ടറുമായി ബന്ധപ്പെട്ട് പുനരധിവാസത്തിന് ആവശ്യമായ സ്ഥലം കണ്ടെത്തുന്നതിനുവേണ്ടിയുള്ള നടപടികൾ നടക്കുകയാണ്. നാലേക്കർ സ്ഥലം അവർ കണ്ടെത്തിയിട്ടുണ്ട്. ഈ 12 കുടുംബങ്ങളും മാറിത്താമസിക്കുന്നതിന് ഒരുക്കമാണെന്നുള്ള അവരുടെ ഇന്റൻഷൻ അറിയിച്ചിട്ടുണ്ട്. അങ്ങനെ ഈ പറഞ്ഞതെല്ലാം കൃത്യമായി നടക്കുമെന്നുണ്ടെങ്കിൽ പുനരധിവാസം നടപ്പിലാക്കുന്നതിന് ഡിപ്പാർട്ടുമെന്റ് ഒരുക്കമാണ്. കൂട്ടത്തിൽ ഒരു കാര്യംകൂടി

പറയാം, ഇന്നലെ ചർച്ചയിൽ വന്നപ്പോഴും ഒരു കാര്യം പറഞ്ഞു, കോഴിക്കോട് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിലെ ഒരു സ്ഥലത്ത് കളക്ടർ കയറിച്ചെന്നപ്പോൾ അവിടെയിരുന്ന് മദ്യപിക്കുന്നതായി കണ്ടു എന്നുപറഞ്ഞു, ആ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിലെ ഏഴ് ആളുകളേയും സസ്പെൻഡ് ചെയ്യാൻ തീരുമാനമെടുത്തിട്ടുണ്ട്. അതിനുള്ള നടപടിയെടുത്തുപോയിട്ടുണ്ട്. നമ്മുടെ കനാലിന്റെ പ്രവർത്തനം നന്നാക്കിക്കൊണ്ടുപോകാനുള്ള നടപടികളെടുക്കുന്നതാണ്. സാമ്പത്തിക പ്രശ്നങ്ങളാണ് ഞങ്ങൾക്കുള്ളത്. പണത്തിന്റെ ലഭ്യതയനുസരിച്ച് മറ്റ് നടപടികളിലേക്ക് പോകുന്നതാണ്.

(12) വാനില ഉല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. മത്തായി ചാക്കോ: സർ, കേരളത്തിലെ ആയിരക്കണക്കിന് വരുന്ന വാനിലകൃഷിക്കാർ ഇന്ന് കടുത്ത ആശങ്കയിലാണ്. അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായിട്ടുള്ള വില ലഭിക്കാത്ത പ്രശ്നമാണ് ഞാൻ മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത് വാനിലക്ക് ഇടക്കാലത്ത് നല്ല വിലയുണ്ടായിരുന്നു. കിലോഗ്രാമിന് നാലായിരം ഉറുപ്പികവരെ വന്നിരുന്നു. ഇന്നത് 300, 350, രൂപയായിട്ടും, ചില സ്ഥലത്ത് 275 രൂപയായിട്ടും കുറഞ്ഞിരിക്കുകയാണ്. കേരളത്തിന്റെ കൃഷിയുടെ ഒരു പ്രത്യേകത നമ്മൾ വാണിജ്യകൃഷിയിലേക്ക് പോയതോടുകൂടി ഉൽപ്പാദിപ്പിക്കുന്ന വിളയ്ക്ക് വില നിശ്ചയിക്കുന്നതിനു വേണ്ടിയുള്ള അവകാശം മാർക്കറ്റിൽ നിശ്ചയിക്കപ്പെടുകയാണ്. ആ മാർക്കറ്റിൽത്തന്നെ വിദേശശക്തികളും അതുപോലെയുള്ള വ്യക്തികളും ബിസിനസുകാരും വില നിശ്ചയിക്കുകയും കൃഷിക്കാർക്ക് ന്യായമായ വില ലഭിക്കാതിരിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം വന്നിട്ടുണ്ട്. ആയിരക്കണക്കിന് ആളുകൾ ഒരു ഇടകൃഷിയെന്ന നിലയ്ക്ക് നേരിട്ടും അല്ലാതെയും വാനിലകൃഷിക്കാരായിട്ട് കേരളത്തിൽ വന്നിട്ടുണ്ട്. വിദേശ ശക്തികൾ ഈ രംഗത്ത് കടന്നു വന്നതോടെയാണ് ന്യായവില ലഭിക്കാത്ത സ്ഥിതിവിശേഷമുണ്ടായിട്ടുള്ളത്. അതിന്റെ പ്രോസസിംഗ് കേരളത്തിൽ നടക്കുന്നില്ല. ഇടയ്ക്ക് സ്പൈസസ് ബോർഡ് പ്ളാവറേറ്റ് എന്നുപറയുന്ന ഒരു ഉൽപ്പന്നം ഉണ്ടാക്കിയിരുന്നു. ഉൽപ്പന്നത്തിന്റെ വിലയുമായിട്ട് ബന്ധപ്പെടുത്തികൊണ്ടുള്ള റാമെറ്റീരിയൽ എന്ന നിലയ്ക്ക്പോലും വാനിലയ്ക്ക് വില ലഭിക്കുന്നില്ല എന്നുള്ളതാണ്. യഥാർത്ഥത്തിൽ ഈ പ്രശ്നം സംബന്ധിച്ച് വാണിജ്യ വകുപ്പുമന്ത്രി ശ്രീ. കമൽനാഥ് പാർലമെന്റ് മെംപർമാർ ഉൾപ്പെടെയുള്ളവരുടെ ഒരു യോഗം ഡൽഹിയിൽ വിളിച്ചുച്ചേർത്തിരുന്നു. അമേരിക്ക കേന്ദ്രീകരിച്ചിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly